



# മറവിയിൽ മറയുന്ന ചിലത്

ടി.ടി. പ്രഭാകരൻ

ഒരു പേരിലെന്തിരിക്കുന്നു എന്ന് സാധാരണയായി കേൾക്കാറുള്ള ഒരു പല്ലവിയാണ്. ഒരു പേരിലെന്തിരിക്കുന്നു എന്ന മറുപടി. ചോദിക്കുന്നവർക്കും അറിയാത്തവതാവില്ല. ഒരു പേര് അല്ലെങ്കിൽ വാക്ക് ഒരു വസ്തുവിനെ കുറിക്കുന്നു. വാക്ക് തന്നെയാണ് വസ്തു. വാക്കില്ലെങ്കിൽ വസ്തുവില്ല. അല്ലെങ്കിൽ, ഒരു വസ്തുവിന് ഒരു വാക്ക് നൽകി വ്യവഹാരിക ലോകത്തേക്ക് കൊണ്ടുവരുമ്പോഴാണ് ആ വസ്തുവിന് അസ്തിത്വം ഉണ്ടാകുന്നത്. വാക്കും വസ്തുവും ഒന്നാകുന്നു. ഇങ്ങനെ വാക്ക് കൊണ്ട് പ്രതിനിധീകരിക്കപ്പെടുന്ന വലിയ വസ്തുലോകം ഒരോ മനുഷ്യന്റെ ഉള്ളിലുമുണ്ട്. മനുഷ്യന്റെ സാംസ്കാരിക വിനിമയത്തിന്റെ അടിത്തറയാണ്

ഇത്. ഈ ഒരു തിരിച്ചറിവിൽ നിന്നാവണം സച്ചിദാനന്ദൻ തന്റെ നിഘണ്ടു എന്ന കവിതയെഴുതിയത്. അതിൽ ചില വരികൾ ഇങ്ങനെ വായിക്കാം. മുത്തശ്ശിയോടൊപ്പം കുറെ വാക്കുൾ മണ്ണടിയുന്നു, മറ്റനേകം പദങ്ങൾ അമ്മൂമ്മയോടൊപ്പം, അമ്മയോടൊപ്പം മറഞ്ഞു പോയ്. വേറെ ചിലത്; ഞാൻ മരിക്കുമ്പോൾ അതോടൊപ്പവും ഇല്ലാതായി കുറെയേറെ വാക്കുകൾ. വളരെ കുറഞ്ഞ വാക്കുകളിൽ കവി പങ്ക്വെക്കുന്ന സങ്കടം വളരെ ഗൗരവമുള്ളതാണ്. നാലു തലമുറയിലുടെ ശോഷിച്ചു പോയ തന്റെ ഭാഷയുടെ പദസന്യത്തെപ്പറ്റിയാണ് സച്ചിദാനന്ദൻ വേവലാതിപ്പെടുന്നത്. ഭാഷയെ പറ്റിയുള്ള ഏറ്റവും അർത്ഥവത്തായ ഒരു വിലാപമാണിത്. ഓരോ ശ്മശാനവും വാക്കുകളുടെയും കവിതയുടെയും ഭാഷയുടെയും ശ്മശാനം കൂടിയാകുന്നു.

ജൈവമായ ഒരു ലോകം ക്രമേണ മറഞ്ഞു മറഞ്ഞു പോവുന്നത് കവി അറിയുന്നുണ്ട്. നിത്യ വ്യവഹാര ലോകത്തിന്റെ പൽചക്രങ്ങളിൽ കിടന്നു കറങ്ങി തിരിയുന്ന സാധാരണ മനുഷ്യൻ ഒരു പക്ഷേ ഇത് തിരിച്ചറിഞ്ഞെന്നു വരില്ല. എങ്കിലും മാറി മാറി വരുന്ന ലോകക്രമത്തെ മനുഷ്യൻ മനസ്സിലാക്കുന്നുണ്ട്. കാലത്തിനൊത്തകാലം എന്ന് വെറുതെ പറയുന്നതല്ലല്ലോ. കാലത്തിന്റെ ശരിയായ വായനയാണത്. ഇന്നലത്തേതല്ല ഇന്നത്തെ ലോകം. ഇന്നത്തേതല്ല വരാനിരിക്കുന്ന നാളെയുടെ ലോകം. മാറ്റം മാറ്റം. മാറ്റമില്ലാത്ത മാറ്റം. പക്ഷേ മാറ്റത്തിന്റെ ഗതിവേഗത്തെക്കുറിച്ച് ഒരു പക്ഷേ ആരും ഒന്നും അറിയുന്നില്ല. അല്ലെങ്കിൽ മറന്നു പോകുന്നുവെന്നാണോ പറയേണ്ടത്? വളരെ പഴയ ഒരു കവി എഴുതിയ ഏറെ പുതിയ രണ്ടുവരികൾ ഓർമ്മിക്കുന്നത് നന്നായിരിക്കും. മറവിതൻ മാറാപ്പെടുപ്പാൻ മാത്രം/മറവിയുണ്ടായിട്ടില്ലിത്രനാളും. എത്ര കാലം ചെന്നാലും മാറാനിടയില്ലാത്ത ഒരു മഹാ സത്യം പറയുകയാണ് കെ.കെ. രാജാ എന്ന കവി. മറവി അത് മനുഷ്യന്റെ കുടെയുണ്ട്. ഓർമ്മ പോലെ തന്നെ ഒരേ നാണയത്തിന്റെ ഇരുവശങ്ങൾ.

ചില സംഗതികൾ നാം ഓർമ്മിക്കാൻ മറക്കുക പതിവാണ്. അങ്ങനെ ഓർമ്മയിൽ നിന്ന് മറഞ്ഞു പോകുന്ന ചില വസ്തുതകളെ പറ്റി ചിന്തിച്ചപ്പോൾ കാലത്തിന്റെ മാറ്റത്തെപ്പറ്റിയുള്ള ഒരു ഉൾകാഴ്ച ലഭിച്ചു. കുട്ടികാലത്തെക്കുറിച്ചുള്ള ഏതൊരു സ്മരണയിലും ഉലക്കയും ഉരലും കുന്താണിയും എല്ലാം ഉണ്ടാവും. എന്നാൽ ഇന്നത്തെ കുട്ടികൾക്കറിയുമോ ഈ വസ്തുക്കൾ എന്താണെന്ന്? ഉലക്കയെപ്പറ്റി കേട്ടിട്ടുള്ളവർ പോലും അത് കണ്ടിട്ടുണ്ടാവുമോ എന്ന് സംശയം. കാരണം ഇന്നത്തെ തലമുറക്ക് അറിയില്ല. എങ്കിലും ഭാഷയിൽ, സിദ്ധാന്തം ഇരുമ്പുലക്കയല്ല, ഉലക്ക വിഴുങ്ങിയവനേപോലെയുള്ള നില്പ്. ഉരൽ ചെന്ന് മദ്ദളത്തോട് പറയുന്നത് പോലെ എന്നെല്ലാം കേട്ടിട്ടുണ്ടാവും, അത് അവർക്ക് പൂർണ്ണമായി മനസ്സിലാക്കനാവുമോ? എന്ന കാര്യം സംശയമാണെങ്കിലും ഇവിടെയാണ് വാക്കും വസ്തുവും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യമിരിക്കുന്നത്. നെൽകൃഷി തന്നെയില്ലാതാവുന്ന നാട്ടിൽ എന്തിന് ഉരലും ഉലക്കയും? ഇനി നെൽകൃഷി ഉണ്ടെങ്കിൽ തന്നെ നെല്ലു കുത്തുകാരി പാറുവിന്റെ കാലം അസ്തമിച്ച കാര്യം ഇടശ്ശേരി നേരത്തെ തന്നെ വിളംബരം ചെയ്തിട്ടുണ്ടല്ലോ. പത്തായം പെറും, ചക്കി കുത്തും, അമ്മ വെയ്ക്കും, ഉണ്ണിയുണ്ണും എന്ന ചൊല്ല് ഇന്ന് ആരുടെയും നാവിലില്ല. പത്തായമോ പത്തായത്തിൽ നെല്ലോ ഇല്ല; നെല്ല് കുത്തലില്ല, നെല്ലു കുത്തുന്ന ചക്കിയുമില്ല. ഉണ്ണുന്ന ഉണ്ണികൾ മാത്രമുള്ള ഒരു ക്ഷേമ കേരളം (അതോ ക്ഷാമ കേരളമോ) നിലവിൽ വന്നിരിക്കുന്നു. അതത്രേ കേരള മോഡൽ.അന്ധ്രയും തമിഴ്നാടും കഷ്ടപ്പെട്ട് അരിയുണ്ടാക്കും, അച്ചനത് വാങ്ങും, അമ്മയത് വെക്കും, ഉണ്ണിയത് ഉണ്ണും എന്നായി മാറിയോ കേരളത്തിലെ പുതിയ നയം? അച്ഛനാണോ വാങ്ങുന്നത് അമ്മയാണോ വെക്കേണ്ടത്, എന്ന തർക്കമൊന്നും വേണ്ട. ആരും വാങ്ങുന്നുമില്ല, ആരും വെക്കുന്നുമില്ല, നേരെ ഉണ്ണിയോടൊപ്പം പോയി ഹോട്ടലിലിരുന്ന് ഉണ്ണുന്നതേയുള്ളു. ഇന്നത്തെ കേരളത്തിൽ അതവിടെ നിൽക്കട്ടെ.

“തേക്ക്” എന്ന് കേട്ടാൽ ഇന്നത്തെ കുട്ടികൾക്ക് അതൊരു മരത്തിന്റെ പേരാണെന്ന് മനസ്സിലായേക്കാം. എന്നാൽ പഴയകാലത്ത് “കൊട്ടത്തേക്ക്”, “കാളത്തേക്ക്” തുടങ്ങിയവ കണ്ടു പരിചയിച്ചിട്ടുള്ളവർക്ക് അതുമായി ബന്ധപ്പെട്ട് ഒരു പാട് പറയാനുണ്ടാവും. പാടവും പറമ്പും വെള്ളം തേവി നനച്ചിരുന്ന ഒരു കാലം. ഇവിടെയുണ്ടായിരുന്ന ഡീസൽ എഞ്ചിനുകളും പീന്നിട് വൈദ്യുതമോട്ടോറുകളും



മറ്റും വന്നതോടെ "തേക്ക്" എന്ന പ്രവൃത്തി ഇല്ലാതായി. പറമ്പുകൾ പ്രത്യേകിച്ച് തെങ്ങ്, കവുങ്ങ്, മുതലായവ നനയ്ക്കാനാണ് കാളത്തേക്ക് ഉപയോഗിച്ചിരുന്നത്. കിണറിന് സമീപം കാളകൾക്ക് നടക്കാൻ പ്രത്യേകം നടവഴി ആവശ്യമാണ്. കാളത്തേക്കിന് . കാളകളെ മുന്നോട്ടും, പിന്നോട്ടും തെളിച്ചാണ് അതിന്റെ കയറുകളിൽ നിന്ന് കിണറിലേക്ക് കെട്ടി തഴ്ത്തിയിട്ട തുമ്പിയിലൂടെ വെള്ളം മുകളിലെത്തിക്കുക. കാളത്തേക്ക് ഇല്ലാത്തിടങ്ങളിൽ തോട്ടം നനയ്ക്കാൻ കൊട്ടത്തേക്ക് തന്നെ ആശ്രയം. കിണറിന് സമീപമുള്ള രണ്ടു കാലുകളിലോ, അല്ലെങ്കിൽ മരത്തിലോ, ആണ് ഇത് സജ്ജീകരിക്കുക. ഈ കാലുകളെ മരത്തടി കൊണ്ട് ബന്ധിപ്പിച്ച് അതിന്മേലാണ് തേക്കിനുള്ള മുള ഘടിപ്പിക്കുന്നത്. മുളയുടെ ഒരു വശം ഭാരം കയറ്റിവെച്ച് ഒരുക്കിയിട്ടുണ്ടാവും. മറുഭാഗത്താണ് തേവാനുള്ള മരക്കൊട്ട പിടിപ്പിക്കുക. കിണറിന് മേൽ ഒരാൾക്ക് നടക്കാവുന്ന തടിപ്പാലം തയ്യാറാക്കി അതിന്മേൽ നിന്നുകൊണ്ടാണ് മുളയുടെ ഒരറ്റത്ത് കെട്ടി തയ്യാറാക്കിയ കൊട്ട കിണറ്റിലാഴ്ത്തുന്നത്. കൊട്ടയിൽ വെള്ളം നിറയുമ്പോൾ മറുഭാഗത്തേ ഭാരം കൊണ്ട് മുകളിലേക്ക് വലിക്കുമ്പോൾ താരതമ്യേന അനായസം അതുപൊന്തി വരും. അതിലെ വെള്ളം കിണറിനടുത്ത് സജ്ജീകരിച്ച ചാലുകളിലേക്ക് ഒഴുക്കുന്നു. ഇന്നു ഗ്രാമങ്ങളിൽ പോലും ഡീസലോ, വൈദ്യുതിയോ ആവശ്യമില്ലാത്ത നാടൻരീതികൾ അപ്രത്യക്ഷമായി കഴിഞ്ഞു. ഇതോടനുബന്ധിച്ചുള്ള നാട്ടറിവുകളും ഇല്ലാതാവുകയാണ്.

നുകം, കരി, കലപ്പ, ഈർച്ചക്കുള്ള മരം എന്നിവ നാട്ടിൻപുറങ്ങളിൽ പോലും കാണാനാവില്ല. ടില്ലറുകളും ട്രാക്ടറുകളും ഉള്ളപ്പോൾ കന്നിനെപൂട്ടി നിലമൊരുക്കാൻ ആരെങ്കിലും തയ്യാറാവുമോ? അദ്ധ്വാനം കുടുതാലാണ് താനും. എന്നു മാത്രമല്ല, നല്ല ഒരു കന്നുകളെ പരിപാലിക്കാൻ പണചിലവും വളരെയധികമാണ്. ഒക്കെ പോട്ടെ കരിയും കലപ്പയും നുകവും മറ്റും തയ്യാറാക്കാൻ ആശാരിമാരെ കിട്ടുമോ? കിട്ടിയാൽ തന്നെ ഈ പണികൾ അറിയുന്ന ആശാരിമാരുണ്ടാവുമോ? കന്നു പൂട്ടുന്നുവരുടെ കൈയിലെ പ്രധാന അധികാര ചിഹ്നമായിരുന്നു മുടിങ്കോൽ. കയ്യിലെ മുടിങ്കോലോ ചുറ്റുന്നതിടം വലം എന്ന് ഇടശ്ശേരി കൃഷിപ്പണിയുമായി ബന്ധപ്പെട്ടുണ്ടായിരുന്ന പല സാമഗ്രികളും ഇന്ന് കാണാതായി കഴിഞ്ഞു. ഞാറു പറിക്കൽ, ഞാറു നടൽ, കള പറിക്കൽ, കന്നു പൂട്ടൽ, എന്നീ ജോലികൾ ചെയ്യുമ്പോൾ മഴ കൊള്ളാതിരിക്കാൻ ഉപയോഗിച്ചിരുന്ന ഓലക്കൂടകൾ പലതരത്തിലുണ്ടായിരുന്നു. തൊപ്പിക്കുടയാണ് അതിലൊന്ന്. തലയിൽ തൊപ്പി പോലെ വെക്കാവുന്നതും അതേസമയം കുട പോലെ വിടർന്നു നിൽക്കുന്നതുമാണ് തൊപ്പിക്കുട. തലയിൽ വെച്ചു കഴിഞ്ഞാൽ പിടിക്കേണ്ടതില്ലാത്തതിനാൽ കന്നു പൂട്ടുകാർ ഇതാണ് ഉപയോഗിക്കുക. മറ്റൊരു ഇനമാണ് കുണ്ടൻകുട. ഞാറ് പറിക്കൽ,നടൽ, പുല്ലുപറിക്കൽ, എന്നീ പ്രവൃത്തികൾ ചെയ്യുന്നവർ, പ്രധാനമായും സ്ത്രീകൾ, ഓലകൊണ്ടുള്ള കുണ്ടൻകുടയാണ് ഉപയോഗിക്കാറ്. കുനിഞ്ഞ് നിന്ന് പണിയെടുക്കുമ്പോഴും, തല മുതൽ ഉടലടക്കം ശരീരഭാഗങ്ങൾ നനയാതിരിക്കാൻ ഇത് സഹായിക്കുന്നു. കൃഷിയുമായി ബന്ധപ്പട്ടവ തന്നെയാണ്. മുറം, വടി, കുട, ചാറകൾ, പറകൾ, ഇടങ്ങഴി, നാഴി, തുടങ്ങിയവ നെല്ലുകോരാനും, ചേറാനും, കൊഴിക്കാനും, കൊണ്ടുപോകാനും, മുറങ്ങൾ ഉപയോഗിച്ച് വന്നു. വട്ടിയും, കുട്ടയും, നെല്ല് കൊണ്ടു



പോകുന്നതിനും, സൂക്ഷിച്ച് വെക്കുന്നതിനും ഉപയോഗിക്കുന്നവയാണ്. നെല്ല് സംഭരിച്ച് സൂക്ഷിച്ച് വെക്കുന്നതിനുള്ളവയാണ് ചാറകൾ. നെല്ലും അരിയും അളക്കാൻ ഉപയോഗിച്ചിരുന്നവയത്രെ പറ, ഇടങ്ങഴി, നാഴി തുടങ്ങിയവ. ഇടങ്ങഴിയും നാഴിയുമൊക്കെ അളവുകളാണ്. മുളകൊണ്ടുണ്ടാക്കുന്ന മുളനാഴി, മരം കൊണ്ടുള്ള മരനാഴി, എന്നിവ കൂടാതെ ഇടങ്ങഴിപാത്രവും ഉണ്ടായിരുന്നു. മരം കൊണ്ടുള്ള ഇടങ്ങഴിയും പറയുമെല്ലാം ഇരുമ്പിന്റെ പട്ട കൊണ്ട് കെട്ടിച്ച് ഭംഗിയാക്കാറുണ്ട്. നെൽകൃഷി കുറഞ്ഞു കുറഞ്ഞു വന്നതോടെ മുറം, വട്ടി, പറ, ഇടങ്ങഴി, നാഴി എന്നിവയെല്ലാം കാണാൻ കഴിയാതായി കഴിഞ്ഞു. അളവ് രൂപങ്ങളും മാറുകയാണല്ലോ. കിലോ കണക്കാണ് ഇന്ന് പ്രധാനമായും ഉപയോഗിത്തിലുള്ളത്.

വീടിന്റെ അടുക്കള ഭാഗത്തേക്കൊന്നു നോക്കിയാലോ? ഏറ്റവുമധികം മാറ്റങ്ങളുണ്ടായ ഇടമാണ്ത്. അമ്മിയും, അമ്മിക്കല്ലും, ആട്ടുകല്ലും,

തീയുതി കത്തിക്കാനുള്ള കുഴലും, എന്തിന് വിറകടുപ്പ് തന്നെയും മിക്ക വീടുകളിലും ഓരോർമ്മയായി മാറി കഴിഞ്ഞു. മണ്ണെണ്ണ സ്റ്റൗ, ഗ്യാസ് സ്റ്റൗ, എല്ലാം കഴിഞ്ഞ് ഇന്ന് അവ്നുകൾ പോലും പ്രചാരത്തിലായിരിക്കുന്നു. വിറകടുപ്പിന് പകരം ഇടക്കാലത്ത് വന്ന പുകയില്ലാത്ത അടുപ്പുകളും ഇപ്പോൾ പ്രചാരലുപ്തമായിരിക്കുന്നു. അരക്കാനും പൊടിക്കാനും മിക്സിയും, ഗ്രൈൻഡറും വന്നപ്പോൾ അമ്മിയും അനുബന്ധസാമഗ്രികളും ഉപേക്ഷിക്കപ്പെട്ടു. മിക്കവാറും സാധനങ്ങൾ പൊടിരൂപത്തിൽ തന്നെ കടകളിൽ നിന്നു കിട്ടുമ്പോൾ ആരാണ് വറുക്കാനും പൊടിക്കാനും മെനക്കെടുക? അടുക്കളയോടനുബന്ധിച്ചാണല്ലോ കിണറിന്റെ സ്ഥാനം. കിണറിൽ നിന്ന് വെള്ളം കോരാൻ ഉപയോഗിച്ചിരുന്നത് പാളയും കയറുമായിരുന്നു. തുമതൂകും തൻ പാള കിണറ്റിലിട്ടോമൽക്കയ്യാൽ കയറു വലിക്കുന്ന ചണ്ഡാലബാലികയെ കുമാരനാശാൻ അവതരിപ്പിച്ചിട്ടുണ്ടല്ലോ. അതല്ലാതെ കിണറ്റിൻകരയിൽ സ്ഥാപിച്ച തുടിക്കുമേലിടുന്ന കപ്പിയിലൂടെ കയറിട്ട് അതിൽ ബന്ധിച്ച ബക്കറ്റിലൂടെ വെള്ളം വലിച്ചു കയറ്റുന്ന രീതിയുമുണ്ടായിരുന്നു. മിക്കവാറും കിണറുകളിലെല്ലാം മോട്ടോർ പമ്പുകൾ സ്ഥാപിച്ചതോടെ തുടി, കയറ്, പാള, കപ്പി, ഇരുമ്പ് ബക്കറ്റ്, എന്നിവയെല്ലാം ഉപേക്ഷിക്കപ്പെട്ടു. മുതിർന്നവരുടെ ഓർമ്മകളിൽ മാത്രമാകും ഇന്നവയ്ക്ക് സ്ഥാനം. പണ്ടു കാലങ്ങളിൽ പുലർവേളകളെ ശബ്ദമുഖരിതമാക്കിയിരുന്ന മരത്തുടികൾ മിക്കവാറും വീടുകളിലുണ്ടായിരുന്നു. വെള്ളം വലിച്ചു കയറ്റുമ്പോൾ അത് കടകട എന്ന് ശബ്ദിച്ചിരുന്നു. കപ്പിക്ക് മുമ്പ് മരത്തടികളായിരുന്നു. സർവ്വസാധാരണം സമ്പന്ന ഗൃഹങ്ങളിൽ അടുക്കളയോട് ചേർന്നുള്ള കിണറുകളിലേക്ക് അരക്ക് മുകളിൽ മാത്രം വരാവവുന്ന ഒരു വാതിലുണ്ടായിരുന്നു. ആ വാതിലിന് പുറത്തേക്ക് തള്ളി നിൽക്കുന്ന രണ്ടു മരത്തടികളെ ബന്ധിപ്പിക്കുന്ന ഇരുമ്പ് ദണ്ഡിലായിരുന്നു തുടി ഇട്ടിരുന്നത്. വീടുകളിൽ ഇത്തരം നിർമ്മാണങ്ങൾ തീർത്തും ഇല്ലാതായി. പണ്ട് ആ വാതിലിനടുത്ത് നിന്നായിരുന്നു വെള്ളം തുടിയിൽ കയറിട്ട് വലിച്ചു കയറ്റിയിരുന്നത്. നിൽക്കുന്ന സ്ഥലത്ത് ഒരു തളവും ഉണ്ടാകും. അടുക്കളയുടെ മറ്റു ഭാഗങ്ങളിൽ നിന്ന് താഴ്ന്ന അല്പം കുണ്ടുള്ള ഒരിടം. അത്യാവശ്യം പാത്രം മോറാനും മറ്റും ഉപയോഗിച്ചിരുന്ന ഒരു സ്ഥലം. അടുക്കളയിൽ ഉപ്പ് സൂക്ഷിച്ചിരുന്നത് മരികകളിലായിരുന്നു. ഉപ്പ് എന്നാൽ കലുപ്പുമാത്രമായിരുന്നു ഒരു കാലത്ത് പൊടിയുപ്പും അയഡിൻ ചേർത്ത ഉപ്പും ഉണ്ടായിരുന്നില്ല. ഇന്നു അപൂർവ്വമായിതീർന്നത് കല്ലുപ്പാണ്. കടകളിൽ പണ്ട് ഉപ്പ് സൂക്ഷിക്കാൻ വലിയ മരികകൾ ഉണ്ടായിരുന്നു. കരിമ്പനയുടെ കടഭാഗം ചെത്തിയെടുത്ത് അത്തരം സംഭരണികളിൽ കല്ലുപ്പ് നിറച്ച് വെക്കും. വീട്ടിൽ ഉപ്പ് സൂക്ഷിക്കുന്നത് മരത്തിന്റെ കൊച്ചു മരികകളിൽ തന്നെ. ചിരട്ട് കയ്യിലുകളാണ് അടുക്കളയിൽ നിന്ന് അപ്രത്യക്ഷമായ മറ്റൊരിനം. പകരം സ്റ്റീൽ, അല്ലെങ്കിൽ അലുമിനിയം സ്പൂണുകളും കൈയിലുകളും അരങ്ങു വാഴുന്നു. പ്ലാവില കോട്ടി കുമ്പിളാക്കി കഞ്ഞി കുടിച്ചിരുന്ന ഒരു കാലം അത്ര വിദൂരത്തൊന്നുമല്ല. ഒ.എൻ.വി.യുടെ ഉപ്പ് എന്ന കവിതയിലെ പ്ലാവിലക്കുമ്പിൾ പരമാർശം ഓർമ്മിക്കാവുന്നതാണ്.

ഇതെല്ലാം ഇങ്ങനെ ഓർമ്മിക്കുന്നതിന്റെ പ്രസക്തി എന്ത് എന്നു ചോദിക്കാം. ഒരു ഉത്തരമേയുള്ളൂ. ഇടക്ക് പിറകിലെക്കൊന്ന് നോക്കാതെ മുന്നോട്ട് പോകാൻ വയ്യല്ലോ. മലയാള സാഹിത്യത്തിലെ മികച്ച സൃഷ്ടികൾ പലതും ആസ്വദിക്കാൻ ഇവിടെ പറഞ്ഞ സാംസ്കാരിക പഴമയും അറിഞ്ഞേ മതിയാവൂ. തകഴിയും എം.ടിയും ഇടശ്ശേരിയും വൈലോപ്പിള്ളിയും എന്ന് വേണ്ട മിക്കവാറും നമ്മുടെ സാഹിത്യസമ്പുടമാകെ സമ്പന്നമായത് കാർഷികവൃത്തിയുടെ കഥ പറഞ്ഞിട്ടാണല്ലോ. തകഴിയുടെ കൃഷിക്കാരൻ എന്ന കഥ, കൃഷി കച്ചവടത്തിലേക്ക് മാറുന്ന ഒരു പരിണാമഘട്ടത്തെ അടയാളപ്പെടുത്തുന്നുണ്ട്. കൃഷി ഇല്ലാതാവുന്നതോടെ അല്ലെങ്കിൽ കുറഞ്ഞു കുറഞ്ഞു വരുന്നതോടെ കാർഷിക സംസ്കൃതിയുമായി ബന്ധപ്പെട്ട വാക്കുകളും മലയാളത്തിന് നഷ്ടപ്പെടുകയാണ്. വാക്ക് നഷ്ടപ്പെടുമ്പോൾ വസ്തു മാത്രമല്ല, അതുമായി ബന്ധപ്പെട്ട ഒരു ലോകം തന്നെ നഷ്ടപ്പെടുന്നു. ഉല്പാദനവുമായി ബന്ധപ്പെട്ട ഒരു ലോകം നഷ്ടപ്പെടുമ്പോൾ ഉപഭോഗവുമായി ബന്ധപ്പെട്ട മറ്റൊരു ലോകം വികസിച്ചു വരുന്നുണ്ട്. മണ്ണുമായി ബന്ധമില്ലാത്ത സാഹിത്യമാകുമോ ഇനി ഉണ്ടാകുകയെന്ന ചോദ്യത്തിലേക്കാണ് അത് നയിക്കുന്നത്.





# अनमोल वचन

संगीता सि.टि
जि.एच ऐस ऐस अजेरि

**मा**नवता की सेवा करनेवाले हाथ उतने ही दन्य होते हें। जितने परमात्मा की प्राथिना करने वाले हो।

हिनता और हताश चोटकर आत्म विश्वास के साथ आरो बतने से सफलता अवश्य मिलेगि।

मुस्कूराने से आघे दुरव दूर हो जाते हैं।

संसार में न कोई तुम्हारा मित्र है और न शलू। तम्हारे अपने विचार ही शलू और मित्र बनाने केलिये होता है और से लेने केलिये नहिं।

जिसके पास उम्मित है पाह लाख बार हास्कर भि नहीं हातस्ता।

# जीवन

संगीता सि.टि
जि.एच ऐस ऐस अजेरि

**जी**वन का मतलब क्या है?
कोई नहीं समझा आज तक।
रोते हुए आए हम
जायेंगे दुसरों को रूलाते हुए।
इत जन्म मृत्यु के बिच का
क्षण है मानव जिवन।
जिवन के अंत में होगा मालुम
कि जिवन में कौन था भाग्याशालि?
बिच के क्षण में जिवन
क्या क्या रंग दिखाएगा।
कभि सृशि कि मुस्कान
तो कभि आंश्रु कि नमि।
विधाता का खेल भि हे विचिल
एक एक पल दिखाता हे नयि रंग
कोई नहिं समशा आज तक
विधाता कि लिला
हर पल हर धंटि जि ले जितंगि
भलाई करता चल अपनि राह में
क्या पता कब बित जाए जिंनदारानि





# ക്ലാസ് മുറികളിൽ പൂക്കേണ്ട മാനവികത

**മിനി ചെറിയാൻ**
ലക്ചറർ (ഡയറ്റ്, തൃശൂർ)

രണ്ടുവർഷം മുമ്പ്, കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും ഒരു വിദ്യാഭ്യാസ സെമിനാറിൽ പങ്കെടുത്തതിന് ശേഷം അതിരാവിലെ തൃശൂരിലേക്കുള്ള ബസിൽ ഞാൻ യാത്ര ചെയ്യുകയായിരുന്നു. ആ സമയമായിട്ടും എടപ്പാളിൽ എത്തുമ്പോഴേക്കും ബസിൽ സാമാന്യം തിരുക്കുണ്ടായിരുന്നു. ധാരാളം പേർ നിൽക്കുന്നുണ്ട്. കുറച്ചു ഏറെ പ്രായമുള്ള അവശനായ ഒരു വൃദ്ധൻ ബസിൽ കയറി. സ്കൂൾ യൂണിഫോമിട്ട് ഇരിക്കുന്ന ഒരു പയ്യന്റെ മുന്നിലെത്തി. വളരെ ദയനീയമായി അയാൾ ചോദിച്ചു.

"ഒന്നൊതുങ്ങിയിരിക്കാമോ.... മോനെ?" പെട്ടെന്നായിരുന്നു പയ്യന്റെ മറുപടി.

"കാർന്നോരെ ഞാൻ ഫുൾടിക്കറ്റാ..."

കൃത്യമായി കാര്യം മനസ്സിലായില്ലെങ്കിലും സീറ്റ് പങ്കുവെയ്ക്കാനാവില്ലെന്നാണ് പയ്യൻ പറഞ്ഞതെന്ന് വൃദ്ധന് മനസ്സിലായിക്കാണണം. അയാൾ പതുക്കെ പിൻവാങ്ങാൻ തുടങ്ങി.

"ഇവിടെ ഇരുന്നോളു അമ്മാവാ." എന്ന ശബ്ദം കേട്ട് ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ നേരത്തെ പറഞ്ഞ പയ്യന്റെ എതാണ്ട് അതേ പ്രായം വരുന്ന മറ്റൊരു പയ്യൻ സീറ്റിൽ നിന്നും എഴുന്നേറ്റ് സ്ഥലം കൊടുക്കുന്നു. എനിക്ക് കൗതുകം തോന്നി. ഈ എഴുന്നേറ്റ് നിൽക്കുന്ന പയ്യൻ ചുളുങ്ങിയ മുണ്ടും ഷർട്ടുമാണ് ധരിച്ചിട്ടുള്ളത്. എന്റെ സീറ്റിനുടത്ത് നിന്ന് അവനോട് ഞാൻ വിശേഷങ്ങൾ ചോദിച്ചു. തൃശൂർ മീൻമാർക്കറ്റിൽ മീൻ വാങ്ങുന്നവരെ ക്യാൻവാസ് ചെയ്യാനായി ഒരു കടയുടെ മുന്നിൽ നിൽക്കുക. അതാണ് അവന്റെ ജോലി. കടയിൽ ആളുകയറുന്നതിന് അനുസരിച്ചാണ് ശമ്പളം.

ഉറക്കെ മീനുകളുടെ പേര് വിളിച്ചു പറയണം. ചില പ്പോഴൊക്കെ തൂക്കി തരുന്ന മീൻ കവറിലിട്ട് കൊടുക്കാൻ സഹായിക്കണം. ഇരിക്കാനൊന്നും പറ്റില്ല. പഠിക്കാൻ കഴില്ലാത്തതിനാൽ എട്ടാം ക്ലാസിൽ രണ്ടു തവണ തോറ്റു. മാനക്കേടു കാരണം പിന്നെ സ്കൂളിൽ പോയില്ല. അച്ചൻ നിത്യരോഗിയാണ്. പണിക്ക് പോകാതിരുന്നാൽ പട്ടിണിയാവും. ഇത്രയും വിവരങ്ങൾ വളരെ നയത്തോടെ ഞാൻ ചോദിച്ചു മനസ്സിലാക്കി.

കുന്ദംകുളത്തെത്തിയപ്പോൾ തിരക്ക് അൽപ്പം കുറഞ്ഞു. സനലിനും അതാണ് അവന്റെ പേര്. സീറ്റു കിട്ടി. എന്റെ നേരെ എതിര് സീറ്റിലിരുന്ന യൂണിഫോമിട്ട പയ്യനോടും ഞാൻ വിശേഷങ്ങൾ തിരക്കി. അവന്റെ പേര് രാകേഷ്. മെഡിക്കൽ പ്രവേശന പരീക്ഷക്ക് പഠിക്കാൻ തൃശൂരിൽ പോകുന്നു. കഴിഞ്ഞ വർഷം പ്ലസ്ടൂവിന് പഠി.ക്കുമ്പോൾ എഴുതി. കിട്ടിയില്ല. ഈ വർഷം വീണ്ടും എഴുതണം. അതിനായുള്ള പ്രത്യേക പരിശീലനത്തിനായി പോകുകയാണ്. അച്ഛൻ വിദേശത്താണ്. ജ്യേഷ്ഠനുണ്ട്. കോഴിക്കോട് എഞ്ചിനിയറിംഗ് കോളേജിലാണ അ. അമ്മ അദ്ധ്യാപികയും. കോഴിക്കോട്ടെ പ്രശ്സത്മായ ഒരു വിദ്യാലയത്തിലാണ് പഠിച്ചത്.

വളരെ നിസാരമായ ഈ സംഭവം എന്നെ ഇരുത്തി ചിന്തിപ്പിച്ചു. റൂസോയും പെസ്റ്റലോസിയും മുതൽ ഗാന്ധിജിയും വിവേകാന്ദനും വരെയുള്ള പാശ്ചാത്യ പൗരസ്ത്യചിന്തകൻമാർ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ച് പറഞ്ഞ ഏറെക്കുറെ സമാനമായ കാര്യങ്ങൾ പഠിച്ചും പഠിപ്പിച്ചും കൊണ്ടിരിക്കുന്നവരാണല്ലോ നമ്മൾ. ആ മഹാന്മാരൊക്കെ പറഞ്ഞു തന്ന സാമൂഹിക പ്രതിബദ്ധതയും നീതിബോധവും മാനവികതയും കുട്ടികൾക്ക് നൽകാൻ നമ്മുടെ ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന് കഴിയാതെ പോകുന്നുണ്ടോ? പരിക്ഷകളിലെ എപ്ലസുകളും മത്സര പരീക്ഷകളിലെ ഉന്നതവിജയവും ഉയർന്നതെന്ന് സമൂഹം കരുതുന്ന ചില തൊഴിലുകളും നേടിയെടുക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന വിധത്തിൽ തീർത്തും അനാശാസ്യമായ ഒരു സമവാക്യം നമ്മുടെ കുട്ടികളിലും രക്ഷിതാക്കളിലും അധ്യാപകരിൽ പോലും വികസിപ്പിച്ചെടുക്കപ്പെട്ടിട്ടുണ്ടോ?


മാനവികത നഷ്ടപ്പെട്ട് നിസംഗരായി തീരുന്ന ഒരു സമൂഹത്തെയോർത്ത് ഞാൻ വല്ലാതെ ഭയപ്പെടുന്നു. ഒരു ഭാഷാധ്യാപികയായത് കൊണ്ട് ആവാം വൈകാരികത എന്റെ ഇഷ്ടവിഷയമാകുന്നത്. നമ്മുടെ കുഞ്ഞുങ്ങളിൽ സാമൂഹിക പ്രതിബദ്ധത യുണർത്താൻ നമ്മുടെ ഭാഷാ ക്ലാസുകൾക്ക് കഴിയില്ലേ? ശൂന്യമായ അവരുടെ മനസുകളിൽ മാനവികതയുടെയും സാഹോദര്യത്തിന്റെയും മതനിരപേക്ഷതയുടെയും അമൃത് നിറക്കേണ്ടവരല്ലെ നമ്മൾ? കഥകളും കവിതകളും ലേഖനങ്ങളും അതിലേക്കല്ലെ വഴി തുറക്കുന്നത്? എന്ന് എന്റെ വിശ്വാസം.

എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ ദേവ്ന എഴുതിയ ചുവപ്പ് എന്ന കവിതയോർക്കുന്നു. സ്വന്തം ദുരിതാനുഭവങ്ങളുടെ ദുഃഖാവിഷ്കാരമാകാം ആ കവിത. അവളെഴുതി. മഷി ചുവപ്പായിരുന്നു.

"കുടം ചുവപ്പ്
കവിതയിലെ അക്ഷരങ്ങൾ
തീക്ഷണമായ കണ്ണുകളോടെ
എന്നെ നോക്കുന്നുണ്ടായിരുന്നു
അക്ഷരങ്ങളിൽ
ദാരിദ്ര്യവും സ്വാതന്ത്ര്യബോധവും....."

ഇത്തരം കവിതകളെ വായിക്കേണ്ടതും വിശകലനം ചെയ്യേണ്ടതും അധ്യാപകരാണ്. ക്ലാസ്മുറികളിലെ സർഗ്ഗസാന്നിദ്ധ്യത്തിന്റെ തീവ്രതയും തീക്ഷണതയും അളക്കേണ്ടവരാണവർ. മുനയുള്ള ചിന്തകളെ മൂർച്ചയുള്ള ഭാഷകൊണ്ട് വശ്യമായി എങ്ങനെ അവതരിപ്പിക്കാം എന്ന് പരിശീലിക്കുമ്പോഴാണ് ജൈവസ്പർശമുള്ള മനസുകൾ സൃഷ്ടിക്കപ്പെടുക. ഇത്തരം മനസ്സുകളിലാണ് മഹനീയമായ മാനവികത നിറയുന്നത്. അല്ലാതെ വരൾച്ചയുടെ ചൂടിൽ മയങ്ങുന്ന ക്ലാസുകളിലല്ല, ശീതികരിച്ചു വിറങ്ങലിച്ച മുറികളിലുമല്ല....

പാഠ്യപദ്ധതി നവീകരണത്തിലും പാഠപുസ്തക പരിഷ്കരണത്തിലുമൊക്കെ മറ്റു പ്രദേശങ്ങൾക്ക് മുമ്പേ നടന്ന പ്രദേശമാണ് കേരളം. ഗുണനിലവാര പഠനങ്ങൾ പലതും ഇക്കാര്യത്തിൽ നേര് സാക്ഷ്യം നൽകുന്നുണ്ട്. എങ്കിലും നഷ്ടമാവുന്ന മാനവികതയെ തിരിച്ചുപിടിക്കാൻ അധ്യാപകരുടെ രീതിശാസ്ത്രങ്ങളിൽ മാറ്റം വേണ്ടതുണ്ടെങ്കിൽ ആ മാറ്റങ്ങൾ സുഗമസാധ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വവും നമുക്ക് തന്നെയാണ്. പ്രത്യേകിച്ചും ഒരു ഭാഷാധ്യാപകന് കാരണം കുഞ്ഞുങ്ങളുടെ മനസുകൾ ഉപ്പോഴും നമ്മുടെ കൈകളിൽ തന്നെയുണ്ട്.



# ജൈവവൈവിധ്യം നിലനിർത്തുന്നതിന്റെ ആവശ്യകത

## ശോഭയിൽ നിന്ന് വർണ്ണശോഭ

ജൈവവൈവിധ്യം വൈവിധ്യങ്ങളുടെ കലവറയായ ഈ പ്രപഞ്ചത്തിലെ വൈവിധ്യമാർന്ന ജീവന്റെ മിടപ്പുകളെ അപഗ്രഥിച്ചാൽ വ്യക്തമാകുന്ന വിവഷണങ്ങൾ തീർത്തും അതിശയകരവും അതിലുപരി അത്ഭുതകരവും തന്നെയാണ്. അനശ്വരമായ ഈ പ്രപഞ്ചത്തിൽ വിശ്വാസം എന്നതിന്റെ ആശയവും മൂലകണികയും പലപേരുകളിലറിയപ്പെടുന്ന ഒരു ശോഭയാണ്. ആ വെളിച്ചത്തിന്റെ കൈകളിലെ ഈ പ്രപഞ്ചം വൈവിധ്യങ്ങളാൽ സമ്പന്നമായതും അനേകം മാറ്റങ്ങൾക്ക് വിധേയമാകുന്നതുമാണ്. പ്രപഞ്ചം എന്നത് അർത്ഥപുർണ്ണമാകുന്നത് ജീവൻ എന്ന പ്രതിഭാസത്തിന്റെ നിലനിൽപ്പ് സ്ഥിരമാകുമ്പോഴാണ്. ഈ ജീവൻ ഉതിർത്തു ജീവനിൽ നിന്ന് പ്രവർത്തനങ്ങൾ വിടർന്ന് പ്രവർത്തനങ്ങളിൽ മാറ്റങ്ങൾ തെളിഞ്ഞ. മാറ്റങ്ങളിൽ വികസനമുണ്ടായി. വികസനം പുരോഗതിയിലേക്ക് ഉയർത്തി. എന്നാൽ ജീവന്റെ ഓരോ കണികയും അനുനിമിഷം മാറ്റങ്ങൾക്ക് വിധേയമായ ഈ പ്രപഞ്ചത്തെ മാറ്റങ്ങളാൽ ആവൃതമാകുമ്പോഴും, ആ മാറ്റങ്ങൾ ഇന്നലെകളെ ആസ്വദിപ്പിച്ചും ഇന്നിനെ കൊതിപ്പിച്ചും നാളെയും കൊല്ലിപ്പിക്കും എന്ന സത്യം ഇന്ന് നിലനിൽക്കുന്ന ജീവന്റെ ശ്രേഷ്ഠമായ ആവിഷ്കാരങ്ങളായ നാം മറക്കുന്നു. നമ്മുടെ കർമ്മങ്ങൾ പുരോഗതി എന്ന കുപ്പായം ധരിച്ച നാശത്തെ പ്രതിനിധാനം ചെയ്യുമ്പോഴും ഓരോ ജീവന്റെ ഉടമയും വ്യക്തിസുഖം എന്നതിൽ മയങ്ങി ചെയ്യുന്ന വികസനങ്ങൾ മോടിയിൽ എന്നും മുന്നിലാണ്. എന്നാൽ ജീവവായുവിന്റെ തനിമയാൽ ആവൃതമായ ജൈവവൈവിധ്യം ഭൂവിൽ മോടിയുടെ പിന്നിലാണ്

ഇന്നും. എന്നാൽ ആകർഷണമാണ്. ലോകം നേരിടുന്ന അനേകം ഭീഷണിയാവുന്ന രോഗത്തിനും,ജൈവസംരക്ഷണം എന്ന വൈദ്യനും ഇടയ്ക്കുള്ള രഹസ്യം. ആ രഹസ്യമാണ് ജീവന്റെ തനിമയാർന്ന നിലനിൽപ്പിനുള്ള മരുന്ന് എന്നും നമ്മെ കാലം എന്ന ആചാര്യനും ത്രികാലജ്ഞാനിയും പഠിപ്പിക്കുന്ന സത്യം. അതിമനോഹരങ്ങളും താൽക്കാലികം മാത്രം. അവയുടെ സ്വാഭാവിക മാത്രമാണ് ഭൂമിയിൽ സ്ഥിരം. വൈവിധ്യങ്ങളാലംകൃതമായി എന്നും നിലനിൽപ്പ് സാധ്യമാണ് എന്നതാണ്.

സൗരയൂഥത്തിന്റെ ആധാരബിന്ദുവായ സൂര്യൻ, ആദിലോകത്തിനും അനാലരലോകത്തിനും പകരുന്ന വെളിച്ചത്തിന്റെ എണ്ണയാകുന്ന ജലം, ജീവന്റെ തുടിപ്പും, ആദിതാളവും പകരുന്ന വായു, താപം, മണ്ണ്, നീരാവി, മറ്റുവാതകങ്ങൾ, ജീവൻ എന്ന പ്രതിഭാസത്തിന് മറ്റു സഹായക ഘടകങ്ങളെല്ലാം ചേർന്നതാണ് പ്രപഞ്ചം. പ്രപഞ്ചമാകുന്ന വൈവിധ്യങ്ങളടങ്ങിയ ഒരു ശോഭയാണ് ജീവന്റെ നിലനിൽപ്പിന്റെ ആധാരം. അതിനാൽ തന്നെ ഇന്ന് ജൈവവൈവിധ്യത്തിന്റെ സംരക്ഷണ ആവശ്യകത, ജീവന്റെ നിലനിൽപ്പിന്റെ ആവശ്യകതയാണ്.

ജീവൻ, വെളിച്ചം, വിളക്ക് എന്ന പ്രപഞ്ചത്തിലെ എണ്ണയാകുന്ന ജൈവവൈവിധ്യത്തിൽ തിരിയാകുന്നു പ്രകൃതിയുടെയും കൈത്താങ്ങിൽ പ്രകാശപൂരിതമാകുന്നു.

ജലം, വായു, ശബ്ദം, വൃക്ഷങ്ങൾ, ജീവജാലങ്ങൾ, വൈവിധ്യഹ്ങളായ പ്രപഞ്ചത്തിന്റെ അനശ്വരശോഭയെ സംരക്ഷിക്കുക എന്ന സന്ദേശം മാത്രമാണ്. മഹത് വ്യക്തികൾ പോലും നമ്മെ ഉദ്ബോധിപ്പിക്കുന്നത്. വജ്രം തുളക്കുന്ന വാക്കുകളല്ല, മറിച്ച് അനശ്വരശോഭയുള്ള വജ്രങ്ങളെ ഉരവാക്കുന്ന പ്രവർത്തനങ്ങളാണ് യുവതലമുറക്ക് വേണ്ടത്.

ജൈവവൈവിധ്യം ജിവനിലനിൽപ്പിനാധാരം എന്ന് ആശയം ഉൾക്കൊള്ളു, ഉത്തേബാധകേ...



# പ്രകാശത്തിന്റെ വേര്

ഗോഡ്വിൻ

ഒരു വേര്
ജനനത്തിന് മുമ്പും
മരണത്തിന് ശേഷവും
അനന്തമായ ശൂന്യതക്കിടയിലും
ഒരിക്കലും അണയാത്ത തിരി

അതിൽ
സ്ഫുടം ചെയ്യുന്ന ഒരായുസ്സിന്റെ പിടച്ചിൽ
തീരാത്ത ഒരു പ്രകാശം
നമ്മേ ആരെങ്കിലും ആക്കി തീർക്കുന്ന പ്രകാശം
ഒരിക്കലും വേർപെടാത്തത്

ഒറ്റപ്പെടുത്താൻ കഴിയാത്ത
എവിടെയായിരുന്നാലും കത്തുന്ന പ്രകാശം
തീച്ചൂളയിൽ പോലും നശിക്കാത്ത
നേരും നിലാവും വറ്റിയാലും
നമ്മെ നയിക്കുന്ന ശക്തി



# എന്റെ വയനാട് യാത്ര

**വിഷ്ണു രവി**
8 എ.

ഈ വർഷം ഒക്ടോബർ മാസം 12 മണിക്കാണ് ഞങ്ങൾ വയനാട് കാണാൻ പോകുന്നത്. ഒരു 24 പേരെങ്കിലും വണ്ടിയിൽ ഉണ്ടാകും. ഞാൻ ആദ്യമായിട്ടാണ് വയനാട് പോകുന്നത്. കോഴിക്കോട് ചുരത്തിൽ കൂടിയാണ് പോകുന്നതെന്ന് കേട്ടപ്പോൾ ഒന്നും കൂടി സന്തോഷമാണ് വന്നത്. കാരണം കോഴിക്കോടും കാണാൻ സാധിക്കുമല്ലോ. ഞങ്ങൾ തൃശൂർ റോഡിലെത്തിയപ്പോൾ ചേട്ടന്മാർ പറഞ്ഞു. സിനിമ വെക്കാൻ. ബാഹുബലിയാണ് സിനിമ. ഞങ്ങൾ എല്ലാവരും സന്തുഷ്ടരായി. ഞങ്ങൾ ബാഹുബലി സിനിമ കണ്ടു കഴിഞ്ഞപ്പോൾ കോഴിക്കോടെത്താറായി. കോഴിക്കോട് ബീച്ച് കാണാനാണ് ഞങ്ങൾ ആദ്യം പോയത്. കോഴിക്കോട് ബീച്ച് കാണേണ്ടത് തന്നെയാണ്. ബീച്ചെന്ന് പറഞ്ഞാൽ ഇങ്ങനെയായിരിക്കണം. എന്ത് വൃത്തിയാണെന്നറിയാമോ. ബീച്ച് ഞങ്ങൾ ആൺകുട്ടികളെല്ലാം ആദ്യം ഓടിയത് കടലിലേക്കാണ്. എല്ലാവരും വെള്ളത്തിൽ ചാടി കളിക്കാണ്. ഞങ്ങൾ അവിടെ നിന്നും ഒരു പന്ത് വാങ്ങി കടലിലേക്ക് എറിഞ്ഞു. കളിക്കല്ലായിരുന്നു കളി. എറ്റവും കൂടുതൽ പന്ത് പിടിക്കുന്നവൻ ആദ്യം ജയിക്കും. അങ്ങനെ കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് പന്ത് കാണ്ടായത്. അതു പോയപ്പോൾ ഞങ്ങൾ കളി നിർത്തി.. പിന്നെ ചേട്ടൻമാരെ കാണാനില്ല. നോക്കുമ്പോൾ ചേട്ടന്മാർ അറ്റത്ത് പോയി നിൽക്കുന്നത്. അടുത്തേക്ക് എത്തിയപ്പോഴെക്കും തിരമാലകൾ ഞങ്ങളെ തിരിച്ച് കരയിലേക്ക് എത്തിച്ചു. ഞങ്ങൾ സൂര്യസ്തമയവും കഴിഞ്ഞ് ഐസ്ക്രീമും തിന്ന് ഞങ്ങൾ അവിടെ നിന്നും പുറപ്പെട്ടു. പുറപ്പെട്ടപ്പോൾ 7 മണി കഴിഞ്ഞു. ഞങ്ങൾ ഒരു രാവിലെ 9 മണിയാകുമ്പോഴേക്കും വയനാടെത്തി. വയനാട്ടിലെ ചുരത്തിലേക്കാണ് ഞങ്ങൾ ആദ്യം പോയത്. അടിവാരത്ത് നിർത്താൻ പറഞ്ഞപ്പോൾ ഡ്രൈവർ ചുരത്തിന്റെ ഏറ്റവും മുകളിലേക്കാണ് വണ്ടി നിർത്തിയത്. ഞങ്ങൾ വണ്ടിയിൽ നിന്നും ഇറങ്ങി. ഞാൻ അടിയിലേക്ക് നോക്കി. ഞാൻ തലകറങ്ങി വീണില്ലെന്നേയുള്ളു. പിന്നെ ഞങ്ങൾ അപ്പവും മസാലക്കറിയും കഴിച്ചു. അവിടേക്ക് വന്ന കുരങ്ങന്മാർ ഞങ്ങൾ വെച്ചു കൊടുത്തപ്പോൾ അത് അപ്പം വലിച്ചെറിഞ്ഞ് ഗ്രീൻപീസ് മാത്രം തിന്നു. ഞങ്ങൾ അവിടെ നിന്നും തിരിച്ചു. അപ്പോഴാണ് എന്റെ വല്യമ്മ പറഞ്ഞ് ഒരു കുഴിയുണ്ടെന്ന്. അതിലെ വെള്ളവും ശുദ്ധ വെള്ളവും ഒരിക്കലും വറ്റില്ലെന്ന് പറഞ്ഞു. ഞങ്ങൾ അതും കണ്ട് തിരിച്ചു മടങ്ങിയപ്പോൾ ഉച്ച 2 മണിയൊക്കയായി. ഇതെനിക്ക് മറക്കാൻ പറ്റാത്ത ഒരു അനുഭവമാണ്.

# എന്റെ മുരുഡേശ്വർ യാത്ര

**അർജുൻ വി.ബാബു**
8 എ



2013 എപ്രിൽ മാസം സ്കൂൾ അവധിക്കാലത്ത് പതിനാറാം തിയ്യതി പുലർച്ചേ ഞാൻ 3 മണിക്ക് എഴുന്നേറ്റു. ഒരു യാത്രക്ക് ഒരുങ്ങുകയാണ്. തിരുപ്പതി മുരുഡേശ്വർ എന്ന ക്ഷേത്രങ്ങളിലലേക്കാണ് യാത്ര. എന്റെ അച്ഛന്റെ കൂട്ടുകാരുടെ കുടുംബങ്ങളുമൊന്നിച്ചാണ് ഈ യാത്ര. കുന്നംകുളത്തെ ഒരു വലിയ ടൂറിസ്റ്റ് ബസ്സിൽ രണ്ടു ദിവസമാണ് യാത്ര. ഈ യാത്രയിൽ എനിക്ക് ഇഷ്ടപ്പെട്ടത് മുരുഡേശ്വർ യാത്രയായിരുന്നു. ആദ്യ ദിവസം തിരുപ്പതിയിലെ ഏഴ് മലകൾ കയറി വെങ്കിടാചലപതിയെ തൊഴുത് പിറ്റേ ദിവസം ഉച്ചയോടയാണ് മുരുഡേശരത്ത് എത്തിയത്. ആദ്യം തന്നെ ഞങ്ങൾ കടൽ തീരത്തേക്കാണ് പോയത്. ക്ഷേത്രത്തിന്റെ മൂന്നു വശവും കടലാണ്. ഇതിൽ ഞങ്ങൾ പടിഞ്ഞാറേ തീരത്തേക്കാണ് പോയത്. ഞാനും എന്റെ അച്ഛനും അമ്മയും പാപ്പനും, മേമ്മയും പാപ്പന്റെ മകനും, എന്റെ അമ്മായിയും, അമ്മയുടെ രണ്ടു മക്കളും കൂടിയാണ് അവിടെ വന്നിരിക്കുന്നത്. ഞങ്ങൾ ബോട്ട് യാത്ര നടത്തി. ഒരാൾക്ക് മുപ്പത് രൂപയാണ് ടിക്കറ്റ് വില. കടലിൽ ഒരു അരകിലോമീറ്ററോളം യാത്ര ചെയ്തു. ബോട്ടു കുലുങ്ങുമ്പോൾ ഞാൻ പേടിച്ചു. പിന്നെ ഞങ്ങൾ കരയിൽ തിരിച്ച് വന്ന് ഉപ്പ് വെള്ളത്തിൽ കുളിച്ചു. എന്റെ മുട്ടിന്റെ അവിടെ വരെ വെള്ളം ഉണ്ടായിരുന്നു. ഞാൻ വെള്ളത്തിൽ ഇരുന്നു. അപ്പോൾ ഒരു ഭീമൻ തിരമാല എന്നെ പൊതിഞ്ഞു. എന്റെ ചെവിയിലും വായയിലും മൂക്കിലുമെല്ലാം വെള്ളം കരയറി. ഒരു നിമിഷം ഞാൻ എവിടെയായിരുന്നു എന്ന് എനിക്ക തോന്നി. പിന്നീട് ഞങ്ങൾ കുളിച്ച് ക്ഷേത്രത്തിലേക്ക് തൊഴാൻ കയറി. ഞങ്ങൾ അമ്പലത്തിലേക്ക് ബസ്സിൽ യാത്ര ചെയ്തു വരുമ്പോൾ തന്നെ ശിവപ്രതിമ കാണുന്നുണ്ടായിരുന്നു. ഇപ്പോൾ ഞാൻ അതിന്റെ ഉയരം ഓർക്കുന്നു. എന്റെ മനസ്സിൽ മായാതെ കിടക്കുന്ന ചിത്രങ്ങളിൽ ഒന്നാമത്തേതാണ് ആ മഹാദേവപ്രതിമ. മുരുഡേശ്വർ ക്ഷേത്രത്തിലെ ഈ പ്രതിമ ലോകത്തിലെ തന്നെ രണ്ടാമത്തെ വലിയ മഹാദേവപ്രതിമയാണ്. പ്രതിമയുടെ അടിയിൽ പുരാണങ്ങളെ സൂചിപ്പിക്കുന്ന പ്രതിമകളുള്ള ഒരു ഗുഹയാണ്. ഈ ഗുഹ മനുഷ്യ നിർമ്മിതമാണ്. ഗുഹയുടെ തൊട്ടടുത്ത് ഒരു ചെറിയ ക്ഷേത്രവും ഉണ്ട്. അവസാനം ഏഴ് മണിയോടെ ഞങ്ങൾ മടങ്ങി. എന്റെ മറക്കാനാവാത്ത ഒരു യാത്രയായിരുന്നു അത്.



# പടരുന്നിതാ ജ്വലനം

ഒലിക്കുന്നിതാ ഉണരാത്ത ദീപം
ഒലിക്കുന്നിതാ നമ്മൾ ഘാട
മനസ്സിൽ ഉടമകളായിതാ
മണലിലെ  മായാത്ത വാക്യങ്ങളായ്

തനുവിൽ വിത്തുകൾ നമ്മൾ;
തളരാതിതാ  കോർക്കുന്ന കൈമുട്ടുകൾ
അണയാതിതാ പടർക്കുന്നിതാ
പവിത്രമാം സ്നേഹ തൈകൾ

ഉണർത്തിയതിതാദ്യമായി മാതേ
ഉണർത്തിയതുയെന്നേ പലവട്ടം
ഉയർക്കുന്നിതാ  നമ്മളിൽ ഇനിയും
കലരാത്ത ബന്ധബന്ധങ്ങളായ്

കോർക്കുന്നില്ലിതാ ഉയിർക്കുന്ന വിത്തുകൾ
അടിത്തറയില്ലാത്ത സ്നേഹഹൃദയങ്ങൾ
പടരാത്തതെന്തീ അണയാത്ത ദീപം
പുഷ്ടമാണീ തനുവിനെന്താണീ കഷ്ടം.

കലരാത്ത ബന്ധങ്ങൾ, ഉടയുന്ന ഹൃദയങ്ങൾ
സ്നേഹബന്ധങ്ങൾ അടരുന്നിതാ....,
പരക്കട്ടെ തനുവിൽ സ്നേഹപാനീയം
നശിക്കരുതേയിനി തുടർവേരുകൾ

കവിത രചന



# വേരുകൾ

പൊക്കിൾക്കൊടി
പറന്നുയരുന്ന ഇരു ചിറകുകൾക്കു
ണ്ടൊരു പേര് അടിയുറച്ച വേര്
അടിനെഞ്ചിനാഴത്തിൽ അലയുന്ന ഹൃദയത്തിനുണ്ട്
വേര് അതിഗഢോര വേര്
മാനവകുലത്തിണ്ടധിപനായമരുന്ന
അമ്മയെന്നൊരു അതാത്മനീർ
ഘോരമായ് അലറുന്ന വനാധിപകൾ
തൻ ചുടുരക്തത്തിൽ കലർന്ന വേര്
വനങ്ങളിൽ വഴിവക്കിൽ അലറുന്ന
ഇടനെഞ്ചു പാടുന്ന പാട്ടിലൂണ്ടീണത്തിനാദ്യേവര്

മധുരത്തിൽ മരണത്തിൽ അണയുന്ന കിരണത്തിൽ
വൃദ്ധനിൽ ശാന്തനിൽ കൗമാര പുഷ്പത്തിൽ
നന്മയിൽ ക്രൂദ്ധിയിൽ സംവിശമൂർത്തിയിൽ
നാശത്തിൻ നാമ്പിൻ, നിറമാർന്ന ശില്പത്തിൽ
ദേവനിൽ ദേവിയിൽ പുരുഷനിൽ സ്ത്രീയിലും
നർമ്മത്തിൻ ഹൃദ്യത്തിൻ രോദനത്തിനാന്ത്യത്തിൽ
ശോഷിച്ച ശിഖരത്തിൽ ശുഷ്കിച്ച നേത്രത്തിൽ
മുരളുന്ന  മൂർച്ചയിൽ  മയങ്ങുന്ന ഹാസത്തിൽ
സ്മരണതൻ പൂനാമ്പിൽ ജീവിത സുഗന്ധത്തിൽ
അക്ഷരപ്പൊലിമയിൽ കറയുള്ള രക്തത്തിൽ
ഇടരുന്ന നിശ്വാസം അണുനിമിഷ ആദിയിൽ
തുടരുന്ന വിശ്വാസം ഹൃദ്യതുടപ്പിൻ അന്ത്യത്തിൽ

കർമ്മത്തിനാധാരമായ വിശ്വരൂപം
ആദിയുടെ സൃഷ്ടിയായ് അമരുന്ന ദേവൻ
അന്തത്തിനുത്ഭവമാധ്യമപ്രകാശവുമാകുന്ന
ഭൂവിന്റെ ജീവന്റെ ഉൾതുടിപ്പാർന്നൊരാ
മൂലകണികയായ് ഒരു മർമ്മം
നേത്രഗോളമാം ഭൂവിന്റെ
ബൂഢലായ മർമ്മമായ് വേരുകൾ
ചലനത്തിനുൾത്തടിപ്പലറുന്ന സ്പന്ദനവുമുൾകൊണ്ട
പ്രത്ഥ്വീവിൻ തുടർച്ചയായ്
പടരുന്ന ക്ഷരമില്ലാത്ത അക്ഷരം പോൽ
പ്രത്ഥിവിൻ മാതാവിൻ ചുടുരക്തമുദ്ര
പൊക്കിൾകൊടി...............